ഉത്തരം

(എ—ഡി) റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ചു നിർമ്മിച്ച റെയിൽവേ മേൽപ്പാലങ്ങളുടെ ഗുണഭോക്താക്കളിൽ നിന്നും ടോൾ പിരിച്ച് ടി സ്ഥാപനം ഇതിലേയ്ക്കായി ചെലവഴിച്ച തുക സമാഹരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു. തീരുമാനമെടുക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട ജനപ്രതിനിധികൾ, മറ്റു സംഘടനകൾ എന്നിവരുമായി ചർച്ച നടത്താനുദ്ദേശിക്കുന്നു.

റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് നടപടി

75 [627] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്-വെസ്റ്റ് നല്ലൂർ-കരുവൻതിരുത്തി ബൈപാസ് റോഡിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് അലൈൻമെന്റ് പ്ലാൻ റെയിൽവേ അധികൃതരുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ടി മേൽപ്പാലം പണിയുന്നതിനായി അലൈൻമെന്റ് പ്ലാൻ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിയ്ക്കയാണ്. റെയിൽവേയുടെ അംഗീകാരം ലഭിച്ചശേഷം മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മലബാർ മേഖലയിലെ റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം

76 [628] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, എം. വി. ഗോവിന്ദൻമാസ്റ്റർ:
,, മഞ്ഞളാംകുഴി അലി:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly